## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1325

06.02.2020- ൽ
മറുപടിയ്ക്ക്

### പട്ടയവിതരണം

ചോദ്യം
ശ്രീ.ഒ. ആർ. കേളു

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

(എ) മാനന്തവാടി താലൂക്കിൽ പട്ടയവിതരണം നടത്താൻ ബാക്കിയുള്ള എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(എ) മാനന്തവാടി താലൂക്കിൽ പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച 187 അപേക്ഷകളിൽ നടപടി പൂർത്തീകരിക്കാനുണ്ട്.

(ബി) മാനന്തവാടി താലൂക്കിൽ ഏതെല്ലാം വില്ലേജുകളിലാണ് നടപടി ക്രമങ്ങൾ പൂർത്തിയാക്കി പട്ടയവിതരണം നടത്താനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടയം നൽകാൻ ബാക്കിയുള്ള കേസുകളുടെ വില്ലേജ് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വില്ലേജ് | അപേക്ഷകരുടെ എണ്ണം | വില്ലേജ് | അപേക്ഷകരുടെ എണ്ണം |
|---|---|---|---|
| മാനന്തവാടി | 55 | പയ്യമ്പള്ളി | 3 |
| ചെറുകാട്ടൂർ | 3 | തിരുനെല്ലി | 25 |
| അഞ്ചുകുന്ന് | 7 | പനമരം | 4 |
| പൊരുന്നന്നൂർ | 0 | നല്ലൂർനാട് | 2 |
| കാഞ്ഞിരങ്ങാട് | 2 | തൊണ്ടർനാട് | 3 |
| വാളാട് | 4 | വെള്ളമുണ്ട | 11 |
| തവിഞ്ഞാൽ | 42 | പേരിയ | 3 |
| തൃശ്ശിലേരി | 11 | എടവക | 12 |

(സി) മാനന്തവാടി താലൂക്കിൽ പട്ടയവിതരണം ത്വരിതപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(സി) പട്ടയ വിതരണം ത്വരിതഗതിയിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ട്. തവിഞ്ഞാൽ വില്ലേജിൽ മക്കിമല തിണ്ടുമ്മേൽ പ്രദേശത്ത് റീ.സ.നം. 68/1 ബി, 90/Pt- ൽപ്പെട്ട ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ട് പ്രസ്തുത ഭൂമിയിലെ അനധികൃത മരം മുറി സംബന്ധിച്ചും, ഭൂമി കൈവശം വയ്ക്കാത്തവരുടെ

പട്ടയം റദ്ദ് ചെയ്ത് നിലവിലെ കൈവശക്കാർക്ക് പതിച്ച് കൊടുക്കുന്നത് സംബന്ധിച്ചും അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് നിലവിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് സാധിക്കുന്നതാണ്. മേൽ വിഷയത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശ പ്രകാരം സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സബ് കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുള്ളതാണ്.

Indu.S.S

സെക്ഷൻ ഓഫീസർ